# ബിസിനസ് ടെക്നോളജിസ്റ്റ് ഓഫ് ദി ഇയർ: ഡോ. മനോദ് മോഹൻ

**ഇന്ന് ഡോ. മനോദിനൊപ്പം തൊണ്ണൂറിലധികം അംഗങ്ങളുള്ള ഒരു മികച്ച ടീമാണ് പ്രവർത്തിക്കുന്നത്.**

ബിസിനസ് തുടങ്ങും മുൻ നിങ്ങൾ ഡോ. മനോദ് മോഹനനെ കാണണണെന്ന പറച്ചിലിൽ ചില കാര്യമുണ്ട്. പുതിയ സംരംഭകർക്കും നിലവിലുള്ളവർക്കും ബിസിനസിന്റെ എ ടു ഇസഡ് നിർദേശങ്ങൾ നൽകുന്ന മലയാളി. സംരംഭകർക്ക് ആശ്വാസമായി മാറുന്ന ഡോ. മനോദ് മോഹന് ബിസിനസ് ടെക്നോളജിസ്റ്റ് ഓഫ് ദി ഇയർ പുരസ്കാരം നൽകി ഗ്ലോബൽ ഇന്ത്യൻ ആദരിക്കുന്നു. സ്കൈ ഈസ് ലിമിറ്റ് ടെക്നോളജീസിന്റെ സ്ഥാപകനും സിഇഒയുമാണ്. സെയിൽസ് ഫോക്കസിന്റെ ശിൽപ്പിയും ഡോ. മനോദ് തന്നെ.

പേരുപോലെ വ്യത്യസ്തമാണ് ഡോ. മനോദ് മോഹന്റെ പ്രവർത്തനങ്ങളും. രണ്ടു പതിറ്റാണ്ടിന്റെ അനുഭവ പരിജ്ഞാനമാണ് ഇന്നും മനോദിനെ ഈ രംഗത്ത് ശ്രദ്ധേയനാക്കുന്നത്. എയർ ഡെക്കാനിലെ ജീവനക്കാരനായാണ് തുടക്കം. പിന്നീട് ബിസിനസ് ടെക്നോളജിസ്റ്റ് എന്ന നിലയിലേക്ക് മാറി. ഇന്ന് ഡോ. മനോദിനൊപ്പം തൊണ്ണൂറിലധികം അംഗങ്ങളുള്ള ഒരു മികച്ച ടീമാണ് പ്രവർത്തിക്കുന്നത്. എസ്ബിഐ ഡിഎഫ്എച്ച്ഐ, സിഎസ്ബി ബാങ്ക്, ഡിസിബി ബാങ്ക്, ഗോദ്റേജ്, ഏഷ്യാനെറ്റ് തുടങ്ങി നൂറ്റിമുപ്പത്തി ആറിലധികം പ്രമുഖ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദേശിയാണ് ഡോ. മനോദ്.

ബിസിനസ്സിലെ കയറ്റിറക്കങ്ങളെ കൃത്യമായി തിരിച്ചറിയാനും അതിന് കൃത്യമായ പരിഹാരം നിർദേശിക്കാനും ഡോ. മനോദ് വികസിപ്പിച്ചെടുത്ത സെയിൽസ് ഫോക്കസിന് കഴിയും. കോവിഡ് കാലത്ത് മറ്റു ബിസിനസ്സ് സംരംഭങ്ങൾ പ്രതിസന്ധിയിലായപ്പോഴും മനോദ് മനോബലം കൊണ്ട് വിജയം കണ്ടു. വിദേശനിക്ഷേപത്തിലൂടെ ഇക്കാലയളവിൽ അദ്ദേഹം നേടിയത് രണ്ടു മില്യണിൽ അധികം ഡോളറാണ്. കൃത്യതയുള്ള പ്രവർത്തന വിജയത്തിലൂടെ ആഗോളതലത്തിൽ ശ്രദ്ധേയനായി തീർന്ന വ്യക്തിത്വമാണ് ഡോ. മനോദ് മോഹൻ.

മലേഷ്യാ ടെക്നോളജി എക്സ്പോയുടെ ഇന്റർനാഷണൽ ഇൻവെൻഷൻ ആൻഡ് ഇന്നവേറ്റീവ് പുരസ്കാരം, വേൾഡ് കോൺഫെഡറേഷൻ ഓഫ് ബിസിനസ്സിന്റെ ദി ബിസ്സ് പുരസ്കാരം, ദുബായ് ഇന്റർനാഷണൽ അച്ചീവേഴ്സ് പുരസ്കാരങ്ങളിൽ അതിവേഗത്തിൽ വളരുന്ന ഇന്ത്യൻ കമ്പനിയ്ക്കുള്ള എക്സലൻസ് പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങളും ഡോ. മനോദ്മോഹനെ തേടിയെത്തി.

